പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5661 — 2.7.2019 ൽ മറുപടിയ്ക്ക്

## ഭിന്നശേഷി ജീവനക്കാർക്കായി സംവരണം

ചോദ്യം — മറുപടി

ശ്രീ.എം. വിൻസെന്റ് — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എസ്.എൽ.പി (സിവിൽ) നം.7541 ഓഫ് 2009 ന് മേലുള്ള സിവിൽ അപ്പീൽ നമ്പർ 9090 (2013) ൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി പ്രകാരം സംസ്ഥാന സർവ്വീസിൽ എല്ലാ വകുപ്പുകളിലും ഓരോ തസ്തികകളുടെയും കേഡർ സ്ട്രെങ്ങ്തിന്റെ മൂന്ന് ശതമാനം ഭിന്നശേഷി ജീവനക്കാർക്കായി സംവരണം ചെയ്യണം എന്ന ഉത്തരവ് പാലിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ബഹു:സുപ്രീംകോടതിയുടെ SLP(Civil) No. 14889/2009 ലെയും Civil Appeal No.9096/2013 ലെയും വിധിന്യായത്തിന്റെയും വിവിധ കോടതി വിധികളുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെയും കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ട ത്തിന്റെയും വെളിച്ചത്തിൽ സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾ/ യൂണിവേഴ്സിറ്റികൾ/ സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ നിലവിൽ ഭിന്നശേഷിക്കാർക്കായുള്ള 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 എന്നീ ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചും Persons with Disabilities Act, 1995 നിലവിൽ വന്ന തീയതിയായ 7.2.1996 മുതൽ അംഗപരിമിതർക്ക് കേഡർ സ്ട്രെങ്ങ്തിന്റെ 3% സംവരണത്തിന് അംഗീകാരം നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) റിട്ട് പെറ്റീഷൻ (സിവിൽ ) No.521 of 2008 ന് മേലുള്ള സിവിൽ അപ്പീൽ നമ്പർ 5389 (2016) ലെ സുപ്രീംകോടതിയുടെ വിധി പ്രകാരം സംസ്ഥാന സർവ്വീസിലെ എല്ലാ വകുപ്പുകളിലും ഓരോ തസ്തികകളുടെയും കേഡർ സ്ട്രെങ്തിന്റെ മൂന്നു ശതമാനം സംവരണം ഭിന്നശേഷി ജീവനക്കാർക്കായി സംവരണം ചെയ്യണം എന്നത് പ്രൊമോഷൻ തസ് തികകളിലും, നേരിട്ടുള്ള നിയമനത്തിനും പ്രാവർത്തിക മാക്കണമെന്ന ഉത്തരവ് പാലിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) ഇല്ല. പ്രസ്തുത കേസിലെ കക്ഷികൾക്ക് മാത്രമാണ് മേൽ വിധി ബാധകമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ